**മഹാത്മാ ഗാന്ധി സർവ്വകലാശാല**

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512

# വാർത്താക്കുറിപ്പ്

**2023 ഫെബ്രുവരി 8**

---

## രാജ്യാന്തര സമ്മേളനം നാളെ മുതൽ

ഔട്ട്കം ബേസ്ഡ് എജ്യുക്കേഷനിലെ നൂതന പ്രവണതകൾ ചർച്ച ചെയ്യുന്നതിന് മഹാത്മാ ഗാന്ധി സർവകലാശാലയുടെ ആഭിമുഖ്യത്തിലുള്ള രാജ്യാന്തര സമ്മേളനം ഫെബ്രുവരി 10 മുതൽ 12 വരെ നടക്കും. യു.ജി.സി സ്ട്രൈഡുമായി സഹകരിച്ചാണ് പരിപാടി സംഘടിപ്പിക്കുന്നത്.

വൈസ് ചാൻസലർ പ്രഫ. സാബു തോമസിന്റെ അധ്യക്ഷതയിൽ നടക്കുന്ന സമ്മേളനത്തിന്റെ ഏകോപനം നിർവഹിക്കുന്നത് സ്ട്രൈഡ് കോ ഓർഡിനേറ്റർ പ്രഫ. അഭിലാഷ് ബാബുവാണ്. റഷ്യ, ഒമാൻ, യു.കെ. ഇസ്രായേൽ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ള വിദഗ്ധർ പ്രഭാഷണം നടത്തും.

(പി.ആർ.ഒ/39/157/2023)

## ജാഗ്രതാ സമിതികളെക്കുറിച്ചുള്ള ശിൽപ്പശാല തൃശൂരിൽ

ജാഗ്രതാ സമിതി അറിവും അനുഭവങ്ങളും എന്ന വിഷയത്തിൽ ഫെബ്രുവരി 10, 11 തീയതികളിൽ തൃശൂർ കില കോൺഫറൻസ് ഹാളിൽ ശിൽപ്പശാല നടത്തും. മഹാത്മാഗാന്ധി സർവകലാശാലയുടെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സൻസ് റിസർച്ച് ആന്റ് എക്സ്റ്റൻഷൻ, കില, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ എന്നിവ സംയുക്തമായാണ് പരിപടി സംഘടിപ്പിക്കുന്നത്.

തൃശൂർ, കോഴിക്കോട് ജില്ലകളിൽനിന്നുള്ള തദ്ദേശ സ്ഥാപനങ്ങളിലെ പ്രസിഡന്റുമാരും മറ്റ് ജനപ്രതിനിധികളും പങ്കെടുക്കും. ജാഗ്രതാ സമിതികളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും സമിതികളെ ശാക്തീകരിക്കുന്നതിനും വേണ്ടി സംസ്ഥാന പദ്ധതിയനുസരിച്ച് സർവകലാശാലാ തലത്തിൽ നടക്കുന്ന ഗവേഷണങ്ങളുടെ ശിൽപ്പശാല. കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ ആമുഖ പ്രഭാഷണം നടത്തും.

(പി.ആർ.ഒ/39/158/2023)

## ബജറ്റ്; പാനൽ ചർച്ച നടത്തി

മഹാത്മാ ഗാന്ധി സർവകലാശാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ കേന്ദ്ര, സംസ്ഥാന ബജറ്റുകളെക്കുറിച്ച് പാനൽ ചർച്ച സംഘടിപ്പിച്ചു.

കെ.എൻ. രാജ് സെന്റർ ജോയിന്റ് ഡയറക്ടർ ഡോ. മാത്യു കുര്യൻ, മാനുവൽ മാത്യു എന്നിവർ സംസാരിച്ചു. പ്രഫ. നിഷ വേലപ്പൻ നായർ മോഡറേറ്ററായിരുന്നു.

കാസർഗോഡ് കേന്ദ്ര സർവകലാശാലാ കാമ്പസിലെയും എം.ജി സർവകലാശാലയിലെ വിവിധ വകുപ്പുകളിലെയും വിദ്യാർഥികൾ പങ്കെടുത്തു.

(പി.ആർ.ഒ/39/159/2023)

## പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ് (പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്,2017, 2018, 2019, 2020 അഡ്മിഷനുകൾ റീ-അപ്പിയറൻസ്), മൂന്നാം സെമസ്റ്റർ സൈബർ ഫോറൻസിക് (2021 അഡ്മിഷൻ റഗുലർ,2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019, 2020 അഡ്മിഷൻ റീ-അപ്പിയറൻസ് - ജനുവരി 2023) പരീക്ഷകൾ ഫെബ്രുവരി 17 ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

...........................

പ്രൈവറ്റ് രജിസ്ട്രേഷൻ മൂന്നാം സെമസ്റ്റർ ബി.എ, ബി.കോം (സി.ബി.സി.എസ്, 2021 അഡ്മിഷൻ - ജനുവരി 2023) പരീക്ഷകൾ ഫെബ്രുവരി 17 ന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/160/2023)

## പരീക്ഷാ ഫലം

2022 സെപ്റ്റംബറിൽ നടത്തിയ പത്താം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.സി.എ (2017 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/161/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**